


# പടവുകൾ

പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്
എൻ.എം.എസ്.എം ഗവ. കോളേജ്, കൽപ്പറ്റ (സ്ഥാപിതം 1981)

## എൻ.എം.എസ്.എം ഗവ. കോളേജ്: ഉന്നത വിദ്യാഭ്യാസ രംഗത്ത് വയനാടിന്റെ മുഖം

വയനാട് ജില്ലയിൽ കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഏക ഗവൺമെന്റ് കോളേജായ എൻ.എം.എസ്.എം. ഗവ. കോളേജ് ജില്ലയിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് വയനാടിന്റെ മുഖമായി മാറിയിരിക്കുകയാണ്. 1981ൽ കൽപ്പറ്റയിലെ ഒരു വാടകക്കെട്ടിടത്തിൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചു. പിന്നീട് കൽപ്പറ്റ നഗരസഭ പരിധിയിലുള്ള വെള്ളാരം കുന്നിൽ ശ്രീ നീലിക്കണ്ടി മൊയ്തീൻ സാഹിബ് കോളേജ് നിർമ്മിക്കാനായി 25 ഏക്കർ സ്ഥലം അനുവദിച്ചുതരികയും അദ്ദേഹത്തോടുള്ള ആദരസൂചകമായി നീലിക്കണ്ടി മൊയ്തീൻ സാഹിബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ് എന്ന പേര് നിർദ്ദേശിക്കപ്പെടുകയും ചെയ്തു.

തുടക്കത്തിൽ പ്രീഡിഗ്രി മൂന്നും നാലും ഗ്രൂപ്പുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. 1989ൽ കോളേജ് അപ്ഗ്രേഡ് ചെയ്യുകയും ബി.എ.ഹിസ്റ്ററി വിഭാഗം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1990ൽ ബി.കോം, 1993ൽ എം.കോം, 1999ൽ ബി.എ.ഡവലപ്മെന്റ് ഇക്കണോമിക്സ്, ബി.എ.മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം 2012ൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ പ്രോഗ്രാമുകളും ആരംഭിച്ചു. 2016ൽ മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം, എം.എ. ഇക്കണോമിക്സ് എന്നീ പി.ജി പ്രോഗ്രാമുകളും ആരംഭിച്ചു. നിലവിൽ അഞ്ച് ഡിഗ്രി പ്രോഗ്രാമുകളും മൂന്നു പി.ജി. പ്രോഗ്രാമുകളുമാണുള്ളത്. യു.ജി.സിയുടെ നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ വിദഗ്ധർ അടങ്ങിയ സംഘം കോളേജ് സന്ദർശിക്കുകയും ബിപ്ലസ് ഗ്രേഡ് ലഭിക്കുകയും ചെയ്തത് വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും പി.ടി.എ യുടെയും നിസ്തുലമായ പ്രയത്നം കൊണ്ടാണ്.

എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ സമീപിക്കാവുന്ന വിശാലമായ ലൈബ്രറി കോളേജിന്റെ ഒരു സവിശേഷതയാണ്. വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകുന്ന റഫറൻസ് ഗ്രന്ഥങ്ങൾ, ജേർണലുകൾ, മാഗസിനുകൾ, ദിനപത്രങ്ങൾ തുടങ്ങിയവ ലൈബ്രറിയിൽ ലഭ്യമാണ്. രാഷ്ട്രത്തിന്റെ അഖണ്ഡതയും, ഐക്യവും കാത്തുസൂക്ഷിക്കാൻ പ്രാപ്തരായ വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ എൻ.സി.സി. (നാഷണൽ കേഡറ്റ് കോർപ്സ്) യൂണിറ്റ് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളിലെ സേവനതൽപ്പരത പരിപോഷിപ്പിക്കുന്നതിനു വേണ്ടി എൻ.എസ്.എസിന്റെ രണ്ടു യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കോളേജ് സൂപ്രണ്ട് ശ്രീ. ആന്റണി ജോസഫിന്റെ നേതൃത്വത്തിലുള്ള ഓഫീസ് സ്റ്റാഫ് അംഗങ്ങളുടെ വിദ്യാർത്ഥികളോടുള്ള സമീപനവും എടുത്തുപറയേണ്ടതാണ്. മിതമായ നിരക്കിൽ ഭക്ഷണം ലഭിക്കുന്ന കോളേജ് ക്യാന്റീൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഒരനുഗ്രഹമാണ്. മറ്റു ജില്ലകളിൽ നിന്നും പഠനം നടത്തുന്നതിനായി എത്തുന്ന വിദ്യാർത്ഥിനികൾക്ക് ഒരാശ്രയമാണ് കോളേജ് ഹോസ്റ്റൽ.

കാപ്പിത്തോട്ടത്തിന്റെ നടുവിൽ അറിവിന്റെ ലോകം തുറന്നിട്ട ഞങ്ങളുടെ ക്യാമ്പസ് വയനാടൻ ജനതയുടെ ഉന്നമനത്തിൽ മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്.

## പി.ജി.ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്: മികവിന്റെ പര്യായം




1982-83ൽ പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് രൂപീകൃതമായി. വയനാട് ജില്ലയിലെ തന്നെ ഏറ്റവും മികവുറ്റതും പ്രശസ്തിയാർജിച്ചതുമാണ് എൻ.എം.എസ്.എം. ഗവ. കോളേജിലെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റ്. നിലവിൽ യു.ജിയിൽ അറുപതും പി.ജിയ്ക്ക് ഇരുപതും വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിവരുന്നത്. രണ്ടു പ്രോഗ്രാമുകൾക്കും ഐശ്ചികവിഷയം ഫിനാൻസാണ്. കോളേജ് പിറവിയെടുത്ത കാലത്ത് പ്രീഡിഗ്രി കോഴ്സുമായി ആരംഭിച്ച കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് 1990ൽ ബി.കോം പ്രോഗ്രാമിലേക്ക് വഴിമാറി. പിന്നീട് 1993ൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റായി ഉയരുകയായിരുന്നു. വിദ്യാർത്ഥികൾക്ക് വിവധ തൊഴിൽ മേഖലകളിൽ വൈദഗ്ദ്യം നേടുന്നതിന് വേണ്ടി മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യ ത്തിൽ ആഡ് ഓൺ കോഴ്സുകളും നൽകിവരുന്നു. കോളേജിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം ഡിപ്പാർട്ട്മെന്റിലെ അധ്യാപകരുടെ നേതൃത്വ ത്തിൽ നൽകിവരുന്നു. ഇതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് യു.ജി.സി. നെറ്റ്, ബിരുദ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സ് എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. പാഠ്യപാഠ്യേതര രംഗത്ത് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംഘടിപ്പിക്കുന്ന മാനേജ്മെന്റ് ഫെസ്റ്റുകൾ, കലാകായിക മത്സരങ്ങൾ, ദേശീയ ശിൽപശാലകൾ എന്നിവ ഡിപ്പാർട്ട്മെന്റിന്റെ പ്രത്യേകതകളിൽ ചിലതാണ്. ഡിപ്പാർട്ട്മെന്റിന് പ്രത്യേകമായി മികച്ച ലൈബ്രറി സംവിധാനവും ഒരുക്കിയിട്ടുണ്ട്.

അക്കാദമിക രംഗത്ത് മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന കൊമേഴ്സ് വിഭാഗം, എൻ.എം.എസ്.എം. ഗവ. കോളേജിന്റെ അഭിമാനമാണ്. പതിനഞ്ചിലധികം വിദ്യാർത്ഥികൾക്ക് ജൂനിയർ റിസർച്ച് ഫെലോഷിപ്പും അമ്പതോളം പേർക്ക് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് യോഗ്യതയും നേടിക്കൊടുക്കുവാൻ ഡിപ്പാർട്ട്മെന്റിന് സാധിച്ചു. പരിചയസമ്പന്നരായ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കഠിനപ്രയത്നത്തിന്റെ ഫലമാണ് ഡിപ്പാർട്ട്മെന്റിന്റെ ഈ മികച്ച നേട്ടങ്ങൾ. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും യു.ജി.സിയുടെയും സാമ്പത്തിക സഹായത്തോടെ, കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വ ത്തിൽ എല്ലാ വർഷവും നടത്തിവരുന്ന ദേശീയ സെമിനാ റുകൾ കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരുപോലെ പ്രയോജനകരമാണ്.

കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഒട്ടനവധി വിദ്യാർത്ഥികൾ നമ്മുടെ ഡിപ്പാർട്ട്മെന്റിന്റെ അഭിമാനതാരങ്ങളാണ്. ഇത്തവണത്തെ എഫ് സോൺ കലോൽസവത്തിൽ ഗ്രൂപ്പ് ഇനങ്ങളിലും വ്യക്തിഗത ഇനങ്ങളിലും മികച്ച പ്രകടനം കാഴ്ചവെച്ചവരിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളുമുണ്ട്. തിരുവാതിരക്കളി, നാടോടി നൃത്തം, ദേശഭക്തി ഗാനം, സംഘഗാനം, ജലഛായം, എണ്ണഛായം, രംഗോലി, മാപ്പിളപ്പാട്ട് എന്നീ മത്സരങ്ങളിലെ വിദ്യാർത്ഥികളുടെ പ്രകടനം എടുത്തുപറയേണ്ടതാണ്. കായിക മികവിന്റെ ഉദാഹരണങ്ങളാണ് അത്ലറ്റിക്സിലും ക്രിക്കറ്റിലും യൂണിവേഴ്സിറ്റി തലത്തിൽ കോളേജിനെപ്രതിനിധീകരിച്ച ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ.

വിവിധ കേന്ദ്ര സംസ്ഥാനവകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, കോളേജുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ കൽപ്പറ്റ ഗവ. കോളേജിലെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും പഠിച്ചിറങ്ങിയവരുമുണ്ട്. അതുകൊണ്ട് തന്നെ വയനാടിന്റെ വിദ്യാഭ്യാസമേഖലയിൽ നമ്മുടെ കോളേജിനും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിനും ഉള്ള പ്രാധാന്യം വളരെ വലുതാണ്.

### TEACHING FACULTY

Santhosh T.C (HOD) M.Com, NET(Ph.D doing)
Abdul Salam K M.Com, B.Ed, NET(Ph.D doing)
Shaji Thaddeus M.Com, B.Ed, NET
Prasanna A.C M.Com, M.Phil, NET
Remesh K. K M.Com, B.Ed, NET(Ph.D doing)
Laiju P M.Com, B.Ed, NET
Arun K M.Com, NET
Abdul Rasheed U M.Com, NET

# ഓർമ്മകളിൽ എൻ.എം.എസ്.എം

നഗരത്തിന്റെ ശബ്ദ കോലാഹലങ്ങളിൽ നിന്നകന്ന് കോടമഞ്ഞിലലിഞ്ഞ് കാപ്പിത്തോട്ടങ്ങൾക്കിടയിൽ ഒരു കുന്നിൻപ്പുറം കവിതയും പ്രണയവും വിപ്ലവവും വിരിയുന്ന വാകപ്പൂക്കൾ പൊഴിയുന്ന വർണ്ണശബളമായ ഈ ലോകത്തേക്ക് അറിവിന്റെ മാധുര്യം നുകർന്ന് വിദൂരതയിലേക്ക് പറന്നകലാൻ മാത്രമല്ല, മറിച്ച് സൗഹൃദത്തിന്റെ ലോകം വിസ്തൃതമാക്കാൻ കൂടിയാണ് ഓരോ വിദ്യാർത്ഥിയും



കടന്നുവരുന്നത്. ഇരുപത്തിമൂന്ന് വർഷത്തിലേറെയായി കോളേജിലെ ഏക പി.ജി പ്രോഗ്രാം ആയിരുന്നു എം.കോം. ഉന്നത വിദ്യാഭ്യാസ രംഗത്ത് കൽപ്പറ്റ ഗവ. കോളേജിന്റെ മുഖമുദ്രയായി നിലകൊണ്ടിരിക്കുന്ന കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് സിൽവർ ജൂബിലിക്ക് ശേഷവും പ്രൗഡിയോടെ മുന്നോട്ട് പോകുന്നു. ഈ കാലയളവിൽ കോളേജിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റിന്റെ വളർച്ചയിൽ നിർണ്ണായകമായിരുന്നു. ഈ പരിചയ സമ്പത്ത് ക്യാമ്പസിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിനെ വേറിട്ടുനിർത്തുന്നു. ഡിപ്പാർട്ട്മെന്റിന്റെ കഴിഞ്ഞ അഞ്ചുവർഷത്തിലേക്ക് നമുക്കൊരു യാത്ര പോയാലോ?

## 2013–14

2013–14 അധ്യയനവർഷത്തിലെ അസോസിയേഷൻ സിനേർജിയ (Synergia) ഉദ്ഘാടനം നവജിത്ത് തോമസിന്റെ നേതൃത്വത്തിൽ നടന്നു. 2013 നവംബർ 4ന് അന്നത്തെ എം.എൽ.എ. എം.വി. ശ്രേയാംസ് കുമാർ ഉദ്ഘാടനകർമ്മം നിർവ്വഹി




ച്ചു. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും ഇന്ത്യൻ റെയിൽവേയുടെ ഡെപ്യൂട്ടി കമ്മീഷണറുമായ ശ്രീ. കെ.കെ. അഷറഫായിരുന്നു ചടങ്ങിലെ മുഖ്യാതിഥി. തുടർന്ന് മൈസൂർ യൂണിവേഴ്സിറ്റിയിലെ കൊമേഴ്സ് വിഭാഗം മേധാവി ശ്രീ. ബോളമയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു. ആ വർഷം നടന്ന ഇന്റേണൽ മാനേജ്മെന്റ് ഫെസ്റ്റ് തികച്ചും വ്യത്യസ്തമായ ഒരനുഭവമായിരുന്നു. കേവലം പുസ്തകത്തിൽ മാത്രം ഒതുങ്ങുന്നതല്ല പഠനം എന്ന് ആ പരിപാടി തെളിയിച്ചു.

## 2014–15

2014–15 അധ്യയനവർഷത്തിലെ അസോസിയേഷൻ ട്രിഗോവിന (Trigovina) ഉദ്ഘാടനം നിർവ്വഹിച്ചത് വി.കെ.സി. പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ ശ്രീ. എം.എം. പ്രേംരാജായിരുന്നു. റൊണാൾഡ് ആയിരുന്നു അന്നത്തെ അസോസിയേഷൻ സെക്രട്ടറി.

### ഫെനെസ്ട്ര (Fenestra):




ഡിപ്പാർട്ട്മെന്റിന്റെ 25-ാം വാർഷികാഘോഷം വളരെ വിപുലമായ രീതിയിൽ തന്നെ ആഘോഷിച്ചു. 2015 ജനുവരി 1ന് ഫെനെസ്ട്ര എന്ന പേരിൽ നടന്ന ഈ പരിപാടി ഉദ്ഘാടനം ചെയ്തത് ഐ.ഡി.ഫ്രഷ് കമ്പനി യുടെ ഉടമസ്ഥൻ ശ്രീ. പി.സി. മുസ്തഫയായിരുന്നു. ഹാർവാർഡ് ബിസിനസ്സ് സ്കൂളിനെ അഭിസംബോധന ചെയ്ത് സംസാരിച്ചിട്ടുള്ള ശ്രീ. പി. സി. മുസ്തഫയെ കൽപ്പറ്റ ഗവ. കോളേജിൽ കൊണ്ടുവരാൻ സാധിച്ചത് ഡിപ്പാർട്ട്മെന്റിന്റെ നേട്ടം തന്നെയാണ്.



### ഇൻസ്പിരിറ്റ് 1.0 (Inspirit 1.0)

വിവിധ കോളേജുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ഇൻസ്പിരിറ്റ് 1.0



സൗത്ത് ഇന്ത്യൻ മാനേജ്മെന്റ് ഫെസ്റ്റ് 2015 മാർച്ച് 10ന് വളരെ ഭംഗിയോടെ നടത്തപ്പെട്ടു. മാർക്കറ്റിംഗ്, ഫിനാൻസ്, ബിസിനസ്സ്, ബെസ്റ്റ് മാനേജർ, സ്പോട്ട് ഫോട്ടോഗ്രഫി തുടങ്ങിയ വിവിധങ്ങളായ മത്സരങ്ങളിൽ പങ്കെടുക്കുവാനായി അഞ്ഞൂറോളം വിദ്യാർത്ഥികൾ എത്തിച്ചേർന്നു. ഡോൺബോസ്കോ കോളേജിലെ വിദ്യാർത്ഥികളായിരുന്നു അന്ന് ഓവറോൾ ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കിയത്. വിദ്യാർത്ഥികളിൽ സംഘാടനമികവും നേതൃപാടവവും വളർത്തിയെടുക്കുവാൻ ഈ പരിപാടി കൊണ്ട് സാധിച്ചു.

### ബോക്സ് ഓഫ് സക്സസ്




വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട ബോക്സ് ഓഫ് സക്സസ് ക്യാംപസിന്റെ ശ്രദ്ധ പിടിച്ചുപറ്റി.

## 2015–16

2015-16 വർഷത്തിലെ അസോസിയേഷൻ പ്രവർത്തനങ്ങൾ 2015 ഒക്ടോബർ 30ന് ശ്രീ. മണിരഥൻ ഉദ്ഘാടനം ചെയ്തുകൊണ്ടാണ് തുടക്കം കുറിച്ചത്. ഒറിഗോ (Origo) എന്ന പേരിൽ സ്നേഹ ടി.എസ്. നേതൃത്വം നൽകിയ ഈ പരിപാടി എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റി. പെൺകുട്ടികൾ സംഘാടനമികവിൽ ആൺകുട്ടികളേക്കാൾ ഒട്ടും പിന്നിലല്ല എന്നു തെളിയിക്കുന്നതായിരുന്നു ആ പരിപാടി. തുടർന്ന് 2 ദേശീയ സെമിനാറുകൾ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു. പോലീസുകാരോടുള്ള ജനങ്ങളുടെ മനോഭാവം ആരായുന്നതിനായി നടത്തപ്പെട്ട സർവ്വേയ്ക്ക് ചുക്കാൻ പിടിച്ചത് അന്നത്തെ പി.ജി. വിദ്യാർത്ഥികളായിരുന്നു.

### ഇൻസ്പിരിറ്റ് 2.0 (Inspirit 2.0)




ഇൻസ്പിരിറ്റ് 1.0 യുടെ തുടർച്ചയെന്നോണം ഇൻസ്പിരിറ്റ് 2.0 സൗത്ത് ഇന്ത്യൻ മാനേജ്മെന്റ് ഫെസ്റ്റ് 2016 മാർച്ച് 1ന് നടത്തപ്പെട്ടു. വാശിയേറിയ മത്സരത്തിനൊടുവിൽ മാനന്തവാടി ഗവ. കോളേജ് ഓവറോൾ കിരീടം കരസ്ഥമാക്കി.

### ബജറ്റ് അവലോകനം




ജിയോജിത്ത് കൽപ്പറ്റ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ബജറ്റ് അവലോകനം നടത്തപ്പെട്ടു. ശ്രീ. രാഘവൻ ആണ് അന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്.

## 2016–17

വീണ്ടും ഞങ്ങൾ ഈ കോളേജിന്റെ പടികടന്നെത്തിയപ്പോൾ കഴിഞ്ഞുപോയ കലാലയ ജീവിതത്തേക്കാൾ വളരെ വ്യത്യസ്തമായ ഒരു ലോകമായിരുന്നു ഞങ്ങൾക്കു മുമ്പിൽ തുറക്കപ്പെട്ടത്. വീണ്ടും ഒരു തിരിച്ചു വരവാഗ്രഹിച്ചിരുന്ന ഞങ്ങളെ കാത്ത് വിസ്മയങ്ങളുടെ ഒരു മായാലോകമായിരുന്നു എൻ.എം.എസ്.എം. ഗവ. കോളേജ് ഒരുക്കിവെച്ചിരുന്നത്. അതിലേക്കുള്ള കിളിവാതിൽ തുറന്നത് ഒരുപാട് സന്തോഷങ്ങൾ നിറച്ചുവെച്ച വെൽകം പാർട്ടിയിലൂടെ ആയിരുന്നു. പി.ജി.വിദ്യാർത്ഥികൾ എന്ന നിലയിൽ ഞങ്ങൾ ആദ്യമായി സംഘടിപ്പിച്ച പരിപാടിയായിരുന്നു Arcane 2K17. വ്യത്യസ്ത റൗണ്ടുകളിലൂടെ നടന്ന ഈ ബിസിനസ്സ് ക്വിസ്സ് ഞങ്ങൾ പ്രതീക്ഷിച്ചതിലുമധികം വിജയകരമായിരുന്നു. വിദ്യാർത്ഥികൾക്ക് കൗതുകകരവും ഒപ്പം വിജ്ഞാനപ്രദവും ആയിരിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ക്വിസ് മത്സരം സംഘടിപ്പിച്ചത്.

പടിയിറങ്ങാൻ പോകുന്ന ഈ വേളയിൽ കഴിഞ്ഞ അഞ്ചുവർഷം ഈ കലാലയം സമ്മാനിച്ച ഒരുപിടി നല്ലയോർമ്മകളും എക്കാലവും ഓർത്തുവെയ്ക്കാവുന്ന ഒരു പറ്റം സുഹൃത്തുക്കളുമാണ് ഞങ്ങളുടെ സമ്പാദ്യം.




## 2017–18

### ബിസിനസ്സ് ക്വിസ്

രണ്ടാം വർഷ എം.കോം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബിസിനസ്സ് ക്വിസ് മത്സരം 'Nike 2K17' 12-10-2017ന് എൻ ഉരു ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. കൊമേഴ്സ് വിഭാഗം മേധാവി ശ്രീ. സന്തോഷ് ടി.സി. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഒന്നാം വർഷ എം.കോം വിദ്യാർത്ഥികളേയും ബി.കോം വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് നടന്ന പ്രാഥമിക റൗണ്ടിൽ നിന്നും, തുടർന്നുള്ള മത്സരങ്ങളിൽ മാറ്റുരയ്ക്കുന്നതിനായി 8 ടീമുകളെ തിരഞ്ഞെടുത്തു. അഞ്ച് റൗണ്ടുകളിലായി നടന്ന വാശിയേറിയ മത്സരത്തിനൊടുവിൽ ഒന്നാംവർഷ പി.ജി. വിദ്യാർത്ഥികളായ അഭിൻ ജോൺ, അതുൽ കൃഷ്ണ എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊമേഴ്സ് വിഭാഗം അധ്യാപകൻ ശ്രീ. കെ.കെ.രമേഷ് സമ്മാനദാനം നിർവ്വഹിച്ചു. പൂർണ്ണമായും വിദ്യാർത്ഥികളുടെ വിജ്ഞാനവും വിനോദവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പരിപാടി സംഘടിപ്പിച്ചത്.

### ശ്രീഹള്ളിയിലേക്കുള്ള വഴി

എം.കോം വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ശ്രീഹള്ളിയിലേക്കുള്ള വഴി എന്ന പേരിൽ ഒരു ട്രഷർഹണ്ട് മത്സരം സംഘടിപ്പിച്ചു. രണ്ടു പേരടങ്ങിയ അമ്പതോളം ടീമുകൾ പരിപാടിയിൽ പങ്കെടുക്കാൻ എത്തിച്ചേർന്നു. ഇവരിൽ നിന്നും നിധിവേട്ടയ്ക്കായുള്ള ഏഴു ടീമുകളെ പ്രൊഡക്ട് ഹണ്ടിലൂടെ കണ്ടെത്തി. ഏഴു ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തി ഏഴു വഴികളിലൂടെ സഞ്ചരിച്ചു വേണമായിരുന്നു അവർക്ക് നിധിയിലേക്കെത്തിച്ചേരുവാൻ. വാശിയേറിയ പോരാട്ടത്തിനൊടുവിൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ അർജുനും സച്ചിനുമാണ് നിധി കൈക്കലാക്കിയത്.



## ദേശീയ സെമിനാർ

എൻ.എം.എസ്.എം. ഗവ. കോളേജിലെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 2017 ഡിസംബർ 7, 8, 9 തിയ്യതികളിൽ ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. Research Methodology for Social Science Research എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സെമിനാർ നടത്തിയത്. കോളേജിലെ പി.ജി. വിദ്യാർത്ഥികളിൽ മാത്രം ഒതുക്കാതെ മറ്റു കോളേജുകളിലെ



വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉപയോഗപ്രദമായിരുന്നു ഈ സെമിനാർ. അണ്ണാമലൈ യൂണിവേഴ്സിറ്റിയിലെ കൊമേഴ്സ് വിഭാഗം മേധാവി ഡോ. ഇളംങ്കോവൻ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് അദ്ദേഹം Introduction for Social Science Research എന്ന വിഷയത്തെക്കുറിച്ച് വിദ്യാർത്ഥികളുമായി സംവദിച്ചു. ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ ഗവേഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഗവേഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ക്കുറിച്ചും അദ്ദേഹം വിദ്യാർത്ഥികൾക്കിടയിൽ അവബോധം ഉണ്ടാക്കി.

സെമിനാറിന്റെ റിസോഴ്സ് പേഴ്സൺ കുസാറ്റിലെ പ്രൊഫസർ ഡോ. സന്തോഷ് കുമാർ ആയിരുന്നു. ഗവേഷണ സമയത്ത് കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകളുടെ ഉപയോഗത്തെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും വളരെ ലളിതമായ രീതിയിൽ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. SPSSന്റെ അനന്തസാധ്യതകളെക്കുറിച്ചും എല്ലാവരിലും വ്യക്തമായ ധാരണയുണ്ടാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. പി.ജി.ക്കു ശേഷം തുടർപഠനം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു മുതൽക്കൂട്ടായി ഈ സെമിനാർ മാറി.

കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എം. ജോസ് അധ്യക്ഷനായിരുന്ന ഉദ്ഘാടന ചടങ്ങിൽ IQAC കോർഡിനേറ്റർ അഷ്റഫ് സാർ ആശംസയർപ്പിച്ചു.

## കരിയർ ഗൈഡൻസ് ക്ലാസ്

അവരവരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് തങ്ങളുടെ കരിയർ തെരഞ്ഞെടുത്ത് മുന്നോട്ട് പോകേണ്ടത് ഇന്നത്തെ കാലത്ത് അത്യാവശ്യമാണ്. പലപ്പോഴും കൃത്യമായ മാർഗനിർദ്ദേശങ്ങൾ ലഭിക്കാത്തത്, വിദ്യാർത്ഥികളെ ലക്ഷ്യബോധമില്ലാത്തവരാക്കി മാറ്റാറുണ്ട്. ബിരുദത്തിന് ശേഷം തങ്ങൾ അഭിമുഖീകരിക്കേണ്ട അത്രമാത്രം മത്സരബുദ്ധിയുള്ള ഒരു ലോകത്തെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ വേണ്ടി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. മനോജ് ജോൺ വിദ്യാർത്ഥികളോട് സംവദിക്കുകയും വിവിധങ്ങളായ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ പറ്റിയും തൊഴിൽ മേഖലകളെപ്പറ്റിയുമുള്ള അറിവ് പങ്കുവെക്കുകയും ചെയ്തു.

## അസോസിയേഷൻ ഉദ്ഘാടനം

കൊമേഴ്സ് വിഭാഗം അസോസിയേഷൻ ഉദ്ഘാടനം 2018 ജനുവരി 8ന് നടന്നു. ACCLEDIA എന്ന് നാമകരണം ചെയ്ത അസോസിയേഷന്റെ ഔപചാരികമായ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എം. ജോസ് നിർവ്വഹിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ശ്രീ. സന്തോഷ് ടി.സി. അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ശ്രീമതി. രാജിമോൾ, ഷാജി തദ്ദേവൂസ്, ശ്രീമതി. സുജ തുടങ്ങിയവർ സംസാരിച്ചു.

2017–18 വർഷത്തെ കൊമേഴ്സ് വിഭാഗം അസോസിയേഷൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മൂന്നാംവർഷം ബി.കോം വിദ്യാർത്ഥിനി രജിഷയുടെ നേതൃത്വത്തിൽ ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ബി.കോം, എം.കോം. വിദ്യാർത്ഥികൾക്കുവേണ്ടി ഷട്ടിൽ ബാഡ്മിന്റൺ മത്സരം സംഘടിപ്പിച്ചു. രണ്ടാംവർഷ എം.കോം. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്യാമ്പസിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ ശ്രീഹള്ളിയിലേക്കുള്ള വഴി എന്ന ട്രഷർ ഹണ്ട് ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റി. മത്സരവിജയികൾക്ക് ഉദ്ഘാടനചടങ്ങിൽ സമ്മാനങ്ങൾ നൽകി.

ഈ അധ്യയനവർഷത്തോടുകൂടി സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രിയപ്പെട്ട അധ്യാപകൻ സന്തോഷ് ടി.സി., പ്രിൻസിപ്പൽ ഡോ. കെ.എം. ജോസ് എന്നിവർക്ക് കൊമേഴ്സ് അസോസിയേഷന്റെ ആദരസൂചകമായി മൊമന്റോ നൽകി.

തുടർന്ന് ചരക്കുസേവന നികുതിയെക്കുറിച്ച് ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. മനൂപ് ആധികാരികമായി സംസാരിച്ചു. വിദ്യാർത്ഥികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പിന്നീട് വിദ്യാർത്ഥികളുടെ കലാപരിപാടികളോടെ ചടങ്ങുകൾ അവസാനിച്ചു.

## അച്ചീവ്മെന്റ് അവാർഡ് 2017–18

2017 നവംബറിലെ യു.ജി.സി. നാഷണൽ എലിജിബിലിറ്റി ടെസ്റ്റി



ന്റെ ഫലം പുറത്തുവന്നപ്പോൾ, കൽപ്പറ്റ ഗവ. കോളേജിനും കൊമേഴ്സ് വിഭാഗത്തിനും അഭിമാനമുഹൂർത്തമായിരുന്നു. ഒരുപക്ഷേ, ജില്ലയുടെ ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാണ് ഇത്രയധികം പേർ ഒരുമിച്ച് നെറ്റ് / ജെ.ആർ. എഫ്. യോഗ്യത നേടുന്നത്. എൻ.എം.എസ്.എം. ഗവ. കോളേജിൽ പഠിക്കുന്നവരും മുമ്പ് പഠിച്ചുകഴിഞ്ഞവരുമായി, പത്ത് പേർ ഇപ്രാവശ്യം യോഗ്യത നേടി. അതിൽ രണ്ടുപേർക്ക് ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പും ലഭിച്ചു.

17–01–2018ന് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ നെറ്റ്/ജെ.ആർ.എഫ്. കരസ്ഥമാക്കിയവരെ അനുമോദിച്ചു. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ഹെഡ് ശ്രീ. ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി. കാലഘട്ടങ്ങൾ പിന്നിടുമ്പോൾ തലമുറകളിലേക്കുള്ള അറിവിന്റെ പ്രവാഹം നിലക്കുന്നുവെന്നും അവിടെയാണ് ഗവേഷണത്തിന്റെ പ്രാധാന്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രിൻസിപ്പൽ ഡോ. കെ.എം.ജോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജിലെ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

## സി.കെ. അരുൺ മെമ്മോറിയൽ എൻഡോവ്മെന്റ് പുരസ്കാരം



2010ലാണ് അരുൺ സി.കെ. ഗവ. കോളേജ് ക്യാമ്പസിലെത്തുന്നത്. തുടർന്നുള്ള അഞ്ച് വർഷവും ക്യാമ്പസിന്റെ സമസ്ത മേഖലയിലും നിറസാന്നിധ്യമായിരുന്നു അദ്ദേഹം. കൊമേഴ്സ് ഡിപ്പാർട്ട്മെന്റിലെയും മറ്റ് ഡിപ്പാർട്ട്മെന്റുകളിലെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും പ്രിയപ്പെട്ടവനായി സി.കെ. മാറിയത് അദ്ദേഹത്തിന്റെ നിലപാടുകളിലെ സത്യസന്ധത കൊണ്ടാണ്. ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നുകൊണ്ട് കോളേജ് രാഷ്ട്രീയത്തിലും സജീവ ഇടപെടലുകൾ നടത്തി. അരുൺ സി.കെ.യുടെ അകാലവിയോഗത്തിന് മൂക സാക്ഷിയാകേണ്ടിവന്ന ഞെട്ടലിലായിരുന്നു കഴിഞ്ഞ തവണത്തെ യൂണിയൻ തെരഞ്ഞെടുപ്പ് ഫലത്തെ ക്യാമ്പസ് എതിരേറ്റത്.

പ്രിയ വിദ്യാർത്ഥിയായിരുന്ന അരുൺ സി.കെ.യുടെ പേരിൽ, കൊമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഡിഗ്രി – പി.ജി.തലത്തിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികളെ ആദരിക്കാൻ തീരുമാനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അമ്മ ജോലി ചെയ്യുന്ന കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കുമായി ചേർന്ന് സി.കെ. അരുൺ മെമ്മോറിയൽ എൻഡോവ്മെന്റ് പുരസ്കാരം ഏർപ്പെടുത്തുകയും ജനുവരി 17ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വിതരണം ചെയ്യുകയും ചെയ്തു. അഞ്ജു സെബാസ്റ്റ്യൻ, ഭവ്യശ്രീ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. 34 വർഷത്തെ സേവനത്തിനുശേഷം വിരമിച്ച കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് മുൻസെക്രട്ടറി എം.വാസന്തിയുടെ നേതൃത്വത്തിലുള്ള ജീവനക്കാർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കോളേജിനോടും കൊമേഴ്സ് വിഭാഗത്തോടും എന്നും ഒരു പ്രത്യേക താൽപര്യം കാത്തുസൂക്ഷിക്കുന്ന സ്ഥാപനമാണ് കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക്. "ഞങ്ങളുടെ മകന്റെ പേരിൽ ഇത്തരമൊരു പുരസ്കാരം ഏർപ്പെടുത്താനായതിൽ സന്തോഷമുണ്ടെന്നും അരുൺ സി.കെ. എന്നും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മനസ്സിൽ നിലകൊള്ളട്ടെ" എന്നും ശ്രീമതി. എം. വാസന്തി പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്ത് ചടങ്ങ് അവിസ്മരണീയമാക്കി.

## ശാസ്ത്രയാൻ

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും റൂസ (RUSA)യുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലും സർവ്വകലാശാലകളിലും പൊതുജനങ്ങൾക്ക് കലാലയങ്ങളുടെ പ്രവർത്തനങ്ങളെ പരിചയപ്പെടാനുള്ള അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ശാസ്ത്രയാൻ കോളേജിനു മുഴുവൻ വ്യത്യസ്തമായ ഒരനുഭവമായിരുന്നു. ഏകദേശം ഒരുമാസം മുമ്പുതന്നെ ശാസ്ത്രയാന്റെ ചർച്ചകൾ കോളേജിന്റെ വിവിധ കോണുകളിൽ തുടങ്ങിയിരുന്നു. ഫെബ്രുവരി 20, 21 തിയ്യതികളിൽ കോളേജിലാകെ ഒരു ആഘോഷത്തിന്റെ പ്രതീതിയായിരുന്നു. ഇതിൽ എടുത്തുപറയേണ്ട പരിശ്രമമായിരുന്നു കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേത്. ഏകദേശം രണ്ടാഴ്ചയ്ക്കു മുമ്പ് തുടങ്ങിയ തയ്യാറെടുപ്പുകൾ 21ന് രാവിലെ വരെ തുടർന്നിരുന്നു. രണ്ടാം വർഷ എം.കോം വിദ്യാർത്ഥികളായിരുന്നു ഇതിനു ചുക്കാൻ പിടിച്ചത്. മറ്റു ഡിപ്പാർട്ടുമെന്റുകൾ അവരുടെ സ്റ്റാളുകൾ കേവലം ക്ലാസ് മുറികളിലും വരാന്തകളിലും ഒരുക്കിയപ്പോൾ കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് തങ്ങളുടെ സ്റ്റാളുകൾ കോളേജിന്റെ ഹൃദയഭാഗമായ റോക്ക് ഗാർഡനിലേക്ക് വ്യാപിപ്പിച്ചു. തുടി ബ്ലോക്കിന്റെ മുൻപിൽ നിന്നും തുടങ്ങിയ സ്റ്റാളുകൾ അവസാനിക്കുന്നത് ചെമ്പ്ര ബ്ലോക്കിലായിരുന്നു (ഓഫീസ് കെട്ടിടം). റോക്ക് ഗാർഡനിലെ മരങ്ങളിലും പാറകളിലുമായിട്ടായിരുന്നു പ്രദർശനം ഒരുക്കിയത്. ആദ്യത്തെ സ്റ്റാളിൽ കേരളത്തിലെ സർവകലാശാലകൾ, വയനാട്ടിലെ പ്രധാന കോളേജുകൾ എന്നിവയെക്കുറിച്ചുള്ള വിവരണമായിരുന്നു. കൂടാതെ ഗവ. കോളേജിന്റെയും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെയും നാളിതുവരെയുള്ള ചരിത്രം വിദ്യാർത്ഥികളിലേക്കെത്തിക്കാൻ ശ്രമിച്ചു. അതിനൊപ്പം വിദ്യാർത്ഥികളുടെ ചിത്രകലാ പ്രദർശനവും നടന്നു. രണ്ടാമത്തെ സ്റ്റാളിൽ കൊമേഴ്സുമായി ബന്ധപ്പെട്ട വിവിധതരം മോഡലുകളായിരുന്നു പ്രദർശിപ്പിച്ചിത്. ഇതൊക്കെയാണെങ്കിലും ഏറ്റവും ആകർഷകം റോക്ക് ഗാർഡനിൽ അവസാനമായി




സ്ഥാപിച്ചിരുന്ന ലൈവ് സ്റ്റേജായിരുന്നു. വിദ്യാർത്ഥികൾക്ക് ആസ്വദിക്കാനും അതുപോലെ തന്നെ ചിന്തിക്കുവാനുമുള്ള വിവിധതരം ഗെയിമുകൾ അവിടെ ഒരുക്കിയിരുന്നു. അടുത്തതായി ഒരു കരിയർ ഗൈഡൻസ് സ്റ്റാളും ഓഹരി വിപണിയുടെ തത്സമയ പ്രദർശനവും ഉണ്ടായിരുന്നു. കൂടാതെ ഒരു ഐ.പി.എൽ ഓക്ഷൻ ഗെയിമും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്നു.

തൊട്ടുതലേദിവസം ഒരുക്കിയ തുറന്ന വേദിയായ "കാവിൽ ഉത്സവം" രാവിലെ എഴുന്നേറ്റ് നോക്കിയപ്പോൾ കണ്ടത് അലങ്കോലപ്പെട്ട നിലയിലായിരുന്നു. വാനരസംഘം കുസൃതിയൊപ്പിച്ചപ്പോൾ നിറകണ്ണുകളോടെ നോക്കി നിൽക്കാൻ ഞങ്ങൾക്ക് സമയമില്ലായിരുന്നു. പരിപാടി തുടങ്ങുന്നതിന് മുമ്പു തന്നെ വീണ്ടും മനോഹരമാക്കി മാറ്റി ആ തുറന്ന വേദിയെ, റോക്ക് ഗാർഡൻ റോക്ക്സ് എന്ന പേരിൽ. തീർത്തും അപ്രതീക്ഷിതമായ അനുഭവമായിരുന്നു അത്.



# കലാലയ ജീവിതത്തിൽ വിടവാങ്ങുന്ന പ്രിയപ്പെട്ടവർ

## ഡോ. കെ.എം. ജോസ് (പ്രിൻസിപ്പാൾ) എം.എ., എം.ഫിൽ, പി.എച്ച്.ഡി.




എൻ.എം.എസ്.എം. ഗവ കോളേജിന്റെ പ്രിൻസിപ്പലായി ഡോ. കെ.എം. ജോസ് ചുമതലയേൽക്കുന്നത് കഴിഞ്ഞ വർഷമാണ്. ഒരു പുഞ്ചിരിയോടെ മാത്രം വിദ്യാർത്ഥികളോട് സംവദിക്കുന്ന അദ്ദേഹം ചുരുങ്ങിയ നാളുകൾ കൊണ്ട് തന്നെ ഏവരുടേയും പ്രിയങ്കരനായി. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ എന്നും പോസിറ്റീവായ മനോഭാവം അദ്ദേഹം കാത്തുസൂക്ഷിച്ചു. ക്യാമ്പസിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും സ്വപ്നങ്ങളുമുള്ള വ്യക്തിയാണ് അദ്ദേഹം.

പ്രീഡിഗ്രിക്ക് ശേഷം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഫിലോസഫിയിൽ ബിരുദം നേടി. തുടർന്ന് രണ്ടാം റാങ്കോടു കൂടി കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ബിരുദാനന്തരബിരുദവും കരസ്ഥമാക്കി. പരമ്പരാഗതവും ആധുനികവുമായ മെഡിക്കൽ സമ്പ്രദായങ്ങളെ താരതമ്യപ്പെടുത്തി, വൈദ്യശാസ്ത്രത്തിലെ ധാർമ്മികതയെക്കുറിച്ച് പഠിച്ചതിന് 2013ൽ കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടി.

നീണ്ട ഇരുപതിലേറെ വർഷങ്ങളിലെ അധ്യാപനഅനുഭവങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നതുറപ്പാണ്. ഈ വർഷം കലാലയത്തോട് അദ്ദേഹം വിടപറയുമ്പോൾ കൊമേഴ്സ് വിദ്യാർത്ഥികളുടെ സ്നേഹം അദ്ദേഹത്തോട് പങ്കുവെക്കുന്നു.

## സന്തോഷ് ടി.സി (കൊമേഴ്സ് വിഭാഗം മേധാവി) എം.കോം



തന്റെ അധ്യാപക ജീവിതകാലഘട്ടം മുഴുവൻ എൻ.എം.എസ്.എം. ഗവ. കോളേജിന് സമർപ്പിച്ചാണ് സന്തോഷ് സാർ ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നത്. 2000 മുതൽ 2007 വരെ ഗസ്റ്റ് അധ്യാപകനായും തുടർന്ന് സ്ഥിരനിയമനം ലഭിച്ചതിന് ശേഷവും, താൻ നേടിയെടുത്ത അറിവുകൾ അദ്ദേഹം കോളേജുമായി പങ്കുവെച്ചുകൊണ്ടിരുന്നു.

അധ്യാപനത്തോട് അദ്ദേഹം കാണിക്കുന്ന ആത്മാർത്ഥത മാതൃകാപരമാണ്. പലപ്പോഴും വിദ്യാർത്ഥികളോട് തനിക്കുള്ള കടമ നിറവേറ്റുന്നതിൽ അദ്ദേഹം നിഷ്കർഷത പുലർത്തിയിരുന്നു. വിദ്യാർത്ഥികളുടെ ആശങ്കകളേയും പ്രവർത്തനങ്ങളേയും അംഗീകരിക്കാനും അദ്ദേഹം മനസ്സ് കാണിക്കുമായിരുന്നു.

ഈ അധ്യയനവർഷത്തിൽ ഡിഗ്രി, പി.ജി. അവസാനവർഷ വിദ്യാർത്ഥികളോടൊന്നിച്ച് പഠനയാത്ര നടത്താനും സന്തോഷ് സാർ സമയം കണ്ടെത്തിയിരുന്നു. അദ്ദേഹം മനസ്സറിഞ്ഞ് പറയുന്ന നല്ല വാക്കുകളും ആശംസകളും എന്നും ഞങ്ങൾ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം ഉയർത്തിയിരുന്നു. പുസ്തകങ്ങളോടൊത്തുള്ള അദ്ദേഹത്തിന്റെ സഹവർത്തിത്വം ആ അധ്യാപകനിലെ വിദ്യാർത്ഥിയെ കാണിച്ചു തരുമായിരുന്നു. ഏതൊരു സംശയത്തിനും കൃത്യമായ മറുപടി നൽകാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനോടുള്ള സ്നേഹവും ബഹുമാനവും ഇവിടെ രേഖപ്പെടുത്തുന്നു.

## ശ്രീ. ഭരതൻ (ലൈബ്രേറിയൻ)



വിദ്യാർത്ഥികളുടെ ഭരതേട്ടനും ഈ വർഷം കലാലയത്തോട് വിടപറയുകയാണ്. ഒരുപാട് പുസ്തകങ്ങൾ വായിക്കുകയും അതേപ്പറ്റി വിദ്യാർത്ഥികളോട് സംവദിക്കാൻ സമയം കണ്ടെത്തുകയും ചെയ്യുന്ന വ്യക്തിത്വമായിരുന്നു ഭരതേട്ടൻ. ലൈബ്രറിയിൽ അദ്ദേഹവുമായി സംസാരിച്ചിരിക്കുന്ന വദ്യാർത്ഥികളെ പലപ്പോഴും കണ്ടിട്ടുണ്ട്. കൽപ്പറ്റയിൽ നിന്നും കോളേജിലേക്ക് വരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിൽ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യുമ്പോൾ ആനുകാലിക വിഷയങ്ങളിൽ, സാഹിത്യമേഖലയിൽ, സാംസ്കാരിക കാര്യങ്ങളിലൊക്കെയുള്ള തന്റെ നിലപാടുകൾ അദ്ദേഹം വിശദീകരിക്കുന്നത് കാണാം. ഒപ്പം വിദ്യാർത്ഥികളുടെ ആശയങ്ങൾക്കും അദ്ദേഹം പരിഗണനനൽകുമായിരുന്നു.

നീണ്ട വർഷങ്ങൾ കലാലയവുമായും വിവിധ തലമുറകളുമായും അടുത്ത ബന്ധം കാത്തുസൂക്ഷിച്ചിരുന്ന ഭരതേട്ടന്റെ ഓർമ്മകളിലൂടെ എൻ.എം.എസ്.എമ്മിനെ അടുത്തറിയാൻ നല്ല രസമാണ് ക്യാമ്പസിന്റെ വിപ്ലവവും പ്രണയവും സൗഹൃദങ്ങളും അദ്ദേഹം ഒരുപാട് അനുഭവിച്ചറിഞ്ഞതാണ്.

കൽപ്പറ്റയിൽ ഭാര്യയും മകനുമടങ്ങുന്ന ഒരു കൊച്ചുകുടുംബത്തിന്റെ എല്ലാ സന്തോഷങ്ങളും ഇനിയും അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടാവട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു.

## യു.ജി.സി. നെറ്റ് / ജെ.ആർ.എഫ് പരീക്ഷാ വിജയികൾ


മിനു കെ. നായർ


ആഷിഖ് അലി കെ.എ


സുബ്രഹ്മണ്യൻ എൻ


നവജിത്ത് തോമസ്


ജോമോൻ ജോസഫ്


ഡിക്ന ലൂയിസ്


ചിപ്പി കെ.വി


അമൃത എം.എസ്


അഞ്ജന സുരേന്ദ്രൻ


അമ്മു പി.ആർ




ആശംസകളോടെ **ON DRIVE**

കൽപ്പറ്റ ഗവൺമെന്റ് കോളേജിലെ പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെയും ഓസ്കാർ ഡ്രൈവിംഗ് സ്കൂളിന്റെയും സംയുക്ത നേതൃത്വത്തിൽ എൻ.എം.എസ്.എം ഗവ. കോളേജിലെ വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നു.

CONTACT
P.G.Dept of Commerce
N.M.S.M Govt. College
9446268640




ഓസ്കാർ
ഡ്രൈവിംഗ് സ്കൂൾ


Chief Editor: Principal, Govt. College, Kalpetta. Staff Editor: Abdul Salam K. Editorial Support: Teaching Faculty, P.G Dept. of Commerce 4th sem. M.Com Students. Printed at Cedar, Graphics, Kalpetta - 204901